കേന്ദ്രസർക്കാർ അനുവർത്തിക്കുന്ന ജനവിരുദ്ധ നിലപാടുകൾ

77 (82) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നിലപാടുകളിൽ സംസ്ഥാന ഗവൺമെന്റ് അസംതൃപ്തി അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം നിലപാടുകൾക്കെതിരെയാണെന്ന വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ സംസ്ഥാനത്ത് ഏതെങ്കിലും നിലയിലുള്ള ജനകീയ അഭിപ്രായ രൂപീകരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേന്ദ്രസർക്കാർ സ്വീകരിച്ച ഏതെല്ലാം നയ സമീപനങ്ങളാണ് സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും പൊതു താത്പര്യങ്ങൾക്ക് വിരുദ്ധമായി ഭവിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തിന്റെ ബഹുമുഖമായ വികസനത്തിന് ആവശ്യമായ സാമ്പത്തിക സഹായം ബഡ്ജറ്റ് വഴിയും അല്ലാതെയും അനുവദിക്കാത്തതുമൂലമുണ്ടായ സംസ്ഥാന സർക്കാരിന്റെ ഉത്കണ്ഠ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തിന് ലഭ്യമാകേണ്ട സാമ്പത്തികാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി കേന്ദ്രത്തിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്.

നീര ടോഡി ബോർഡ് രൂപീകരണം

78 (83) ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ സാദ്ധ്യത ,ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി 13-5-2014-ലെ ജി.ഒ.(എംഎസ്.)66/2014/നി.വ. ഉത്തരവ് പ്രകാരം കൃഷി, എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡിന് രൂപം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ബോർഡിന്റെ സാധ്യത, ഘടന എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ബാർ ലൈസൻസ് പുതുക്കി നൽകൽ

79(84) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രീസ്റ്റാർ, ഫോർസ്റ്റാർ കാറ്റഗറികളിൽപ്പെട്ട പത്ത് ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്ന ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഹർജി നൽകിയിട്ടുണ്ടായിരുന്നുവോ;

(ബി) ഇടക്കാല ഉത്തരവിൽ അപ്പീൽ നൽകണമെന്ന നിയമോപദേശം നൽകിയതാരായിരുന്നു ;

(സി) അപ്പീൽ ഹർജിയിന്മേൽ സുപ്രീം കോടതിയിൽ വാദം നടത്താൻ സ്ഥിരം വക്കീലൻമാരല്ലാത്ത പ്രമുഖരായ ഏതെങ്കിലും അഡ്വക്കേറ്റിനെ ചുമതലപ്പെടുത്താതിരുന്നത് എന്തുകൊണ്ടായിരുന്നു;

(ഡി) ബാർ കേസിൽ സുപ്രീം കോടതിയിൽ നിന്ന് തിരിച്ചടി നേടിയെടുക്കുന്നതിന് കള്ളക്കളി നടത്തുകയായിരുന്നുവെന്ന ആക്ഷേപം ഉയർന്നുവന്നിട്ടുള്ളതായി സർക്കാരിനറിയാമോ;

(ഇ) സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധിയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ?